# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2985 — 13.07.2015-ൽ മറുപടിയ്ക്ക്

## നാനോ എക്സൽ കമ്പനി തട്ടിപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ | | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | നാനോ എക്സൽ കമ്പനി കേരളത്തിൽ നിന്ന് എത്ര കോടി രൂപയുടെ തട്ടിപ്പ് നടത്തിയതായാണ് പോലീസ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) | നാനോ എക്സൽ കമ്പനി കേരളത്തിൽ നിന്ന് ആകെ 34,39,48,959/- രൂപയുടെ തട്ടിപ്പ് നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | നാനോ എക്സൽ കമ്പനിക്കെതിരെ കേരളത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഇതിൽ എത്ര കേസ്സുകളിൽ കുറ്റപത്രം കൊടുത്തു ; വ്യക്തമാക്കാമോ ; | (ബി) | നാനോ എക്സൽ കമ്പനിക്കെതിരെ കേരളത്തിൽ 644 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 8 കേസുകളിൽ കുറ്റപത്രം സമർപ്പിച്ചു. |
| (സി) | പ്രസ്തുത കമ്പനിയുടെ എത്ര ഡയറക്ടർമാർ കേസിൽ പ്രതികളാണ് ; ഇതിൽ എത്ര പേരെ അറസ്റ്റ് ചെയ്തു ; | (സി) | വിവിധ കേസുകളിലായി 7 ഡയറക്ടർമാർ പ്രതികളാണ്. ഇതിൽ 2 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ഡി) | കമ്പനിയുടെ എത്ര ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചിട്ടുണ്ട് ; എങ്കിൽ ഏതെല്ലാം തീയതികളിലെന്ന് വ്യക്തമാക്കാമോ ; | (ഡി) | ആകെ 15 അക്കൗണ്ടുകൾ മരവിപ്പിച്ചിട്ടുണ്ട്. 22.06.2011-ൽ 2 അക്കൗണ്ടുകളും, 29.09.2011-ൽ 3 അക്കൗണ്ടുകളും, 25.02.2012-ൽ 10 അക്കൗണ്ടുകളും മരവിപ്പിച്ചിട്ടുണ്ട്. |
| (ഇ) | കമ്പനി ഡയറക്ടർമാരുടെ പേരിലുള്ള വസ്തുവകകൾ കണ്ടുകെട്ടിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം തീയതികളിലാണെന്ന് വ്യക്തമാക്കാമോ; | (ഇ) | കമ്പനി ഡയറക്ടർമാരുടെ പേരിലുള്ള വസ്തുവകകൾ കണ്ടുകെട്ടിയിട്ടില്ല. |
| (എഫ്) | കമ്പനിയുടെ തൃശ്ശൂർ ഓഫീസിൽ നിന്നും എറണാകുളത്തേക്ക് കൊണ്ടുവന്ന 63 ലക്ഷം രൂപ പറവൂരിൽ വച്ച് 13-12-2010-ൽ പിടികൂടിയിട്ടുണ്ടോ ; എങ്കിൽ ഈ വിവരം റവന്യൂ ഇന്റലിജൻസിനെ അറിയിക്കുകയോ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുകയോ ചെയ്തിട്ടുണ്ടോ ; ഏതെങ്കിലും റിമാൻഡ് പ്രതിയിൽ നിന്നും 35,500 രൂപ പിടികൂടിയിട്ടുണ്ടോ, എങ്കിൽ ആരിൽനിന്നാണ് പണം പിടികൂടിയതെന്ന് വ്യക്തമാക്കുമോ? | (എഫ്) | 13.12.2010 -ൽ 63 ലക്ഷം രൂപ ആലുവ പോലീസ് പിടികൂടിയതായും, ടി തുക റവന്യൂ ഇന്റലിജൻസിന് കൈമാറിയിട്ടുള്ളതായും, ആയത് സംബന്ധിച്ച് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടില്ലായെന്നും അറിവായിട്ടുണ്ട്. നാനോ എക്സൽ തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്ത റിമാന്റ് പ്രതിയിൽ നിന്നും 35,500/- രൂപ പിടികൂടിയിട്ടില്ല. |

സെക്ഷൻ ഓഫീസർ